(ഡി) ക ക ഖ ഘ – ങ ച് ൽ ന ള ഴ ഉ.
ക ക ഖ ങ – ഘ ര് – ൽ ര് ര് ഠ ക.

MR. P. C. ADICHAN : അവിടെ കുട്ടികൾ പള്ളിക്കൂടത്തിൽ പോകാൻ വിഷമിക്കുന്നതായി അറിയാമോ ?

HO'NBLE MR. N. KUNJURAMAN : അറിവില്ല.

MR. P. C. ADICHAN : കൂലിവേലകൊണ്ടുമാത്രം ജീവിതം കഴിക്കുന്ന ഒരു സ്ത്രീക്ക് രണ്ടു കുട്ടികൾ ഉണ്ടെന്നിരിക്കട്ടെ. ആ സ്ത്രീ ജോലിക്കു പോകുമ്പോൾ ഇളയകുട്ടിയെ സൂക്ഷിക്കുന്നതിലേക്കു ആളില്ലാത്തതു കൊണ്ടു മൂത്തകുട്ടിക്കു പള്ളിക്കൂടത്തിൽ പോകാൻ നിവൃത്തിയില്ലാതെ വരുമെന്നുള്ള വിവരം അറിയാമോ ?

HON'BLE MR. N. KUNJURAMAN : അറിഞ്ഞുകൂടാ.

MR. P. C. ADICHAN : മുലകുടിക്കുന്ന കുട്ടിയെ എടുക്കാൻ വീട്ടിൽ ഒരാളില്ലെങ്കിൽ തള്ളയ്ക്കു ജോലിക്കുപോകാൻ ഒക്കുകയില്ല. ആ സ്ഥിതിക്ക് മൂത്തകുട്ടിയെ പള്ളിക്കൂടത്തിൽ അയക്കാൻ നിവൃത്തിയില്ലെന്നു വരും. അങ്ങിനെയുള്ള കുട്ടികളെ പള്ളിക്കൂടത്തിൽ അയക്കുന്നതിന് എന്താണ് വഴി?

HON'BLE MR. N. KUNJURAMAN : അതിന് ഗവണ്മെൻറ് എന്തു ചെയ്യണമെന്നാണ് ബഹു: മെമ്പർ പറയുന്നത്?

MR. P. C. ADICHAN : ഈ മുലകുടിക്കുന്ന കുട്ടികളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും ഒരു ഏർപ്പാട് ചെയ്യണം.

HON'BLE MR. N. KUNJURAMAN : അതിനു എന്തെങ്കിലും ഒരു മാർഗ്ഗം മെമ്പർക്കു പറയാനുണ്ടെങ്കിൽ അതേപ്പറ്റി ആലോചിക്കാം.

MISS ANNIE MASCARENE : Obviously, there must be a Nursery attached to that school

കുടിപാർപ്പിനോടടുത്തു് തേക്കുതോട്ടം.

* 171. MR. P. C. ADICHAN : താഴെ കാണുന്ന ചോദ്യത്തിന് ബഹു മാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

പത്തനംതിട്ട താലൂക്കിൽ വടശ്ശേരിക്കര, കുമ്പളത്താംമണ്ണ്, അരിക്കകാവു, ഇഞ്ചപ്പൊയ്ക മുതലായ സ്ഥലങ്ങളോടടുത്തു തേക്കുതോട്ടം വച്ചു പിടിപ്പിച്ചിരിക്കുന്നതുകൊണ്ട് കാട്ടാന മുതലായ വന്യമൃഗങ്ങളിൽ നിന്നും ജീവാപായവും സാധുക്കളായ കൃഷിക്കാർക്ക് ഉപജീവനങ്ങളായ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. C. Adichan]

കഷ്ടനഷ്ടങ്ങളും ഉണ്ടാകുന്നതായി ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നു സദയം പറയാമോ ?

HON'BLE MR. V. O. MARKOS : വിളവുനാശവും ജീവാപായവും തേക്കിൻതോട്ടപ്രദേശങ്ങളേക്കാൾ തേക്കിൻതോട്ടങ്ങൾ അല്ലാത്ത പ്രദേശങ്ങളിൽനിന്നുമാണ് ക്രൂതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. കാട്ടാനശല്യംമൂലം ജീവാപായം സംഭവിച്ചതായി ഒരു കേസുമാത്രമേ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളൂ. ഇതു തേക്കിൻതോട്ടങ്ങൾ ഉണ്ടായിരുന്നതുകൊണ്ടാണെന്നു വിചാരിക്കാൻ കാരണമില്ല. ഇപ്രകാരമുള്ള കാട്ടാനശല്യങ്ങൾ തേക്കിൻതോട്ടങ്ങളില്ലാത്ത പ്രദേശങ്ങളിൽനിന്നും ക്രൂതലായിട്ടും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. വനങ്ങളിലോ സമീപത്തോ ഉള്ള കൃഷി ആനകളെ ആകർഷിക്കുകയും ശല്യംചെയ്യുന്നതിനു പ്രേരണനൽകുകയും ചെയ്യുന്നു. പ്രസ്താവിതമായ പ്രദേശങ്ങളിൽ ആൾപാർപ്പു വിരളവും അതു കാട്ടാനകളുടെ സാന്നിദ്ധ്യത്തിനു മറ്റൊരു കാരണവുമാകുന്നു.

ഫീസ് സൗജന്യം.

*172. **MR. P. C. ADICHAN :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ ?

(എ) പരിശുദ്ധിച്ച ഫീസ് സൗജന്യപ്പട്ടികയിൽ 0 @.0 ശതമാനം സാക്ഷരതയുള്ള പല സമുദായങ്ങൾക്കും ഫീസ് സൗജന്യം നൽകുകയും ഫൻ.0 ശതമാനം മാത്രം സാക്ഷരതയുള്ള വർണ്ണവസമുദായത്തെ ഫീസു സൗജന്യപ്പട്ടികയിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്തിരിക്കുന്നതു എന്തുകൊണ്ടാണെന്ന് പ്രസ്താവിക്കാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

(ബി) അതുസംബന്ധിച്ചു ഗവണ്മെൻറു് ആർഡറിന്റെ കാപ്പി സഹിതം വല്ല മെമ്മോറിയലും ബഹുമാനപ്പെട്ട ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. N. KUNJURAMAN : (എ) അവരെ ഒരു പ്രത്യേക സമുദായമായി പരിഗണിച്ചിട്ടില്ലാത്തതുകൊണ്ടു് ഫീ കൺസെഷൻ അനുവദിച്ചിട്ടില്ല.

(ബി) ഉണ്ടു്.

MR. P. C. ADICHAN : അവരെ ഒരു പ്രത്യേക സമുദായമായി ഗണിച്ചു് ഒരു സംഘടന രജിസ്റ്റർ ചെയ്തുകൊടുത്തിട്ടുണ്ടെന്നു് ഗവണ്മെൻറിനറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly